# മതപ്രബോധനലക്ഷ്യം ആദർശ പ്രചാരണം

ബഷീർ സലഫി പൂളപ്പൊയിൽ

ആൾക്കൂട്ടത്തെ സൃഷ്ടിക്കലാണ് മിക്ക പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങളുടെ ഒന്നാം അജണ്ട. കാരണം ഒരു പ്രസ്ഥാനത്തിന്റെ ശക്തി അളക്കാനുള്ള പ്രഥമ മാനദണ്ഡം എത്രപേർ അതിനെ അംഗീകരിക്കുന്നു എന്ന് നോക്കിയാണ്. ആൾക്കൂട്ടത്തെ പിന്നിൽ അണിനിരത്താവുന്ന ക്രമത്തിലാണ് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എപ്പോഴും പ്രവർത്തന അജണ്ടകൾ തയ്യാറാക്കുന്നത്. റാലികളിൽ ഒരുപോയിന്റ് കടക്കാനെടുത്ത സമയത്തിന്റെ അടിസ്ഥാനത്തിലാണ് മാധ്യമങ്ങൾ ആ സംഘടനയുടെ ശക്തി വിളംബരം ചെയ്യുന്നത്. ജനാധിപത്യരീതിയിൽ തെരഞ്ഞെടുപ്പ് നടക്കുന്ന രാജ്യങ്ങളിൽ ആൾക്കൂട്ടത്തെ ആകർഷിക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത് രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് അനിവാര്യമാണ്. കാരണം ജയിക്കാനാവശ്യം വോട്ടാണ്. ഏതു നിലവാരത്തിലുള്ളവന്റെയും വോട്ടിനും തുല്യ വിലയാണ്. ആദർശശുദ്ധിക്ക് ഇവിടെ സ്ഥാനമില്ല.

ഇന്നിന്റെ ആവശ്യങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും മാത്രമാണ് ചിന്തിക്കുവാനിഷ്ടപ്പെടുന്നതെന്നാണ് ആൾക്കൂട്ടത്തിന്റെ പൊതുസ്വഭാവം. കുറച്ച് പേരെ കൂടെ നിർത്താനുള്ള പദ്ധതികളാണ് രാഷ്ട്രീയക്കാർ ആവിഷ്കരിക്കുക.

ഇസ്‌ലാമിക ദഅ്‌വത്ത് ഒരിക്കലും ഒരാൾക്കൂട്ടത്തെ ലക്ഷ്യമിടുന്നില്ല. ‘‘കാലം തന്നെയാണ് സത്യം മനുഷ്യരെല്ലാം നഷ്ടത്തിലാണ്, വിശ്വസിക്കുകയും സൽകർമ്മങ്ങളനുഷ്ഠിക്കുകയും സത്യവും ക്ഷമയും പരസ്പരം ഉപദേശിക്കുകയും ചെയ്തവരൊഴികെ (അൽ-അസ്വ്ർ) ഓരോ വ്യക്തിക്കും ലഭ്യമായിട്ടുള്ള സത്യത്തിന്റെ പ്രകാശം അവനവന്റെ കഴിവിൽപെടുന്നവർക്കെല്ലാം കൈമാറ്റുകയെന്ന ഉത്തരവാദിത്വമാണ് ഇസ്‌ലാമിക പ്രബോധനം. ശരിയായ വിശ്വാസത്തിലധിഷ്ഠിതമായി നിഷ്കളങ്കമായ കർമങ്ങളിലൂടെ പരലോക രക്ഷനേടുന്നതിനായി വ്യക്തിയെ പ്രാപ്തമാക്കുന്ന പ്രക്രിയയാണ് ഇസ്‌ലാമിക ദഅ്‌വത്തിലൂടെ ഒരു പ്രബോധകൻ ലക്ഷ്യമിടേണ്ടത്. എത്രപേർ ആ സത്യം ഉൾക്കൊള്ളുന്നു എന്നതോ ഇല്ലെന്നുള്ളതോ പ്രബോധകനെ ആകുലപ്പെടുത്തേണ്ട കാര്യമല്ല. താൻ പറയുന്നത് എല്ലാവരും ഉൾക്കൊള്ളണമെന്ന് ആത്മാർഥമായി കരുതുകയും പരമാവധി യത്നിക്കുകയും ചെയ്യുക മാത്രമാണ് പ്രബോധകന്റെ കടമ. താൻ പറയുന്നത് ആരും ചെവിക്കൊള്ളുന്നില്ലെന്നുള്ളത് പ്രബോധകന്റെ പരാജയമെന്ന് വിലയിരുത്താനാവില്ല. കാരണം അല്ലാഹുവിന്റെ പ്രത്യേക പരിഗണന കിട്ടിയവരും പാപസുരക്ഷിതരും എല്ലാ ഉത്തമസ്വഭാവങ്ങളുടെയും വിളനിലങ്ങളുമായിരുന്ന പ്രവാചകൻമാർക്ക് പോലും പ്രബോധന പ്രവർത്തനങ്ങളിലൂടെ വലിയ ആൾക്കൂട്ടത്തെ ആകർഷിക്കാൻ കഴിഞ്ഞിട്ടില്ല.

പ്രബോധിത സമൂഹങ്ങളിൽ നിന്ന് പ്രവാചകൻമാരനുഭവിച്ച യാതനകളും പീഢനങ്ങളും നിഷേധവും കുഫ്റും എത്രമാത്രമായിരുന്നു എന്നതാണ് പ്രവാചക ചരിത്രങ്ങളിൽ ഖുർആൻ പ്രധാനമായി പരാമർശിച്ചത്. അല്ലാതെ അവരുടെ പ്രബോധന പ്രവർത്തനങ്ങൾക്ക് കിട്ടിയ ജനസമ്മിതിയോ, അത് വഴി അവർ ലോകത്ത് സൃഷ്ടിച്ച വിപ്ലവങ്ങളോ ഖുർആൻ പരാമർശിച്ചില്ല എന്നതിൽ നിന്ന് ഒരു പ്രബോധകന് ധാരാളം ഗുണപാഠങ്ങളുണ്ട്. പ്രവാചകൻമാർക്ക് കഴിയാത്ത കാര്യങ്ങൾ ഇന്നത്തെ പ്രബോധകന് സാധ്യമാകണമെന്ന് കരുതുന്നതും നമ്മുടെ ശൈലിയുടെ തകരാറുകൊണ്ടാണ് ജനത്തിന് നാം പറയുന്നത് ഉൾക്കൊള്ളാൻ കഴിയാത്തതെന്നും അതിനാൽ ശൈലിയും രീതിയും മാറ്റി കൂടുതൽ ആകർഷകായ രീതി പുനഃസ്ഥാപിക്കുകയാണ് വേണ്ടതെന്നും മറ്റുമുള്ള ചിന്ത അനാവശ്യമാണ്.

‘താങ്കൾ ഉന്നത സ്വഭാവത്തിന്റെ ഉടമയാണെന്നും’ ‘ലോകർക്ക് കാരുണ്യമായാണ് താങ്കളെ നിയോഗിച്ചിരിക്കുന്നതെന്നും’ അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ട് മാത്രമാണ് താങ്കൾ അവരോട് സൗമ്യമായി പെരുമാറുന്നതെന്നും താങ്കളൊരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നെങ്കിൽ താങ്കളുടെ ചുറ്റിൽ നിന്നും അവർ ഒഴിഞ്ഞുപോകുമായിരുന്നു’’ തുടങ്ങിയ ഒട്ടേറെ വചനങ്ങളിലൂടെ നബി തിരുമേനിയുടെ സ്വഭാവ ഗുണങ്ങൾ ഖുർആൻ വിശദീകരിക്കുന്നു. ഈ സ്വഭാവഗുണങ്ങളെല്ലാം ഉണ്ടായിരുന്നിട്ടും ശത്രുക്കൾ പോലും അത് സർവാത്മനാ അംഗീകരിച്ചിട്ടും മക്കാജീവിതകാലത്ത് പതിമൂന്ന് വർഷം അഹോരാത്രം യത്നിച്ചിട്ടും ജനം അദ്ദേഹത്തിന്റെ ഉപദേശം തള്ളിക്കളയുകയും അദ്ദേഹത്തെ മർദിക്കുകയും ചെയ്യുകയായിരുന്നു.

തന്റെ പ്രബോധനം തിരസ്കരിക്കപ്പെട്ടതിലുള്ള അതിയായ ദുഃഖം നബിതിരുമേനിക്കുണ്ടായിരുന്നു. ‘‘അവർ വിശ്വാസികളാകുന്നില്ല എന്നതിനാൽ താങ്കൾ സ്വന്തം ജീവിതത്തെ തന്നെ നശിപ്പിച്ചേക്കാം. (അശ്ശുഅറാഅ്) ഉന്നതമായ സ്വഭാവ ഗുണങ്ങളും സാമൂഹിക പ്രതിബദ്ധതയും എല്ലാം ഉണ്ടായിരുന്നിട്ടും റസൂൽ (സ്വ) മുന്നോട്ട വെച്ച ‘‘ലാ ഇലാഹ ഇല്ലല്ലാ’’ അവരംഗീകരിച്ചില്ല. പ്രവാചകൻമാരുടെ പ്രബോധന ചരിത്രത്തിൽ ഏറ്റവുമധികം അനുഗ്രഹം കിട്ടിയ അന്തിമ പ്രവാചകന്റെ കഥ ഇതാണെങ്കിൽ പ്രവാചക വിയോഗം കഴിഞ്ഞ് നൂറ്റാണ്ടുകൾ പതിനാല് കഴിഞ്ഞ ഈ യുഗത്തിലെ പ്രബോധ

കൻമാർക്ക് അതിനേക്കാൾ കൂടുതൽ ആഗ്രഹിക്കാൻ കഴിയുമോ? പ്രബോധകൻ തന്റെ ധർമം നിർവഹിക്കുന്നു. അതിന്റെ ഫലം നിശ്ചയിക്കുന്നത് സ്രഷ്ടാവായ നാഥനാണ്.

ജനക്കൂട്ടത്തെ ആകർഷിക്കാനുതകുന്ന പ്രവർത്തനങ്ങളും പരലോകരക്ഷ മുൻനിർത്തി ജീവിതം ക്രമീകരിക്കുന്ന ഒരാദർശത്തിന്റെ കൂട്ടായ്മ സൃഷ്ടിക്കാനാവശ്യമായ പ്രവർത്തനങ്ങളും തികച്ചും വ്യത്യസ്തമാണ്. ജനക്കൂട്ടത്തെ ആകർഷിക്കാൻ നിരവധി മാർഗങ്ങളുണ്ട്. എന്നാൽ ഇസ്‌ലാമിക പ്രബോധനത്തിന് ഏത് രീതിയും സ്വീകരിക്കാനാവില്ല. കാരണം അതിന് വ്യക്തമായ ലക്ഷ്യവും, ലക്ഷ്യം നേടാൻ നിർണിതമായ മാർഗവുമുണ്ട്.  അത് തികച്ചും ഗൗരവസ്വഭാവമുള്ള ഒരു ധർമമാണ്. നിയതമായ മാർഗങ്ങളിൽ നിന്ന് വ്യതിചലിച്ചാൽ ഒരിക്കലും അതിന്റെ യഥാർഥ ലക്ഷ്യം പ്രാപിക്കാനാവില്ല.

ജനം അഭിലഷിക്കുന്നത് നൽകിയാൽ അവർ കൂടെ നിൽക്കുമെന്നതിനാൽ ജനാഭിലാഷങ്ങൾക്കനുസരിച്ച് ശൈലിയും സ്വഭാവവും പരിപാടികളും മാറ്റിക്കൊണ്ടിരിക്കലാണ് ജനക്കൂട്ടത്തെയുണ്ടാക്കാൻ ശ്രമിക്കുന്നവർ ചെയ്യാറുള്ളത്. ഇവിടെ ആദർശത്തിനോ മാർഗത്തിനോ വലിയ പ്രസക്തിയില്ല. ഒരുകാലത്ത് വിപ്ലവ പ്രസ്ഥാനങ്ങൾ ബഹുജന പിന്തുണ നേടിയത് അവരുയർത്തിയ ജനകീയ പ്രശ്നങ്ങളിലൂടെയാണ്. അസമത്വത്തിലധിഷ്ഠിതമായ ലോകവ്യവസ്ഥിതി മാറ്റുകയും സമത്വസുന്ദരമായൊരു സോഷ്യലിസ്റ്റ് സമൂഹത്തെ കെട്ടിപ്പൊക്കുകയും വേണം. അതിന് മുതലാളിമാരെ തകർക്കുകയും അവർ സ്വന്തമാക്കി വെച്ച ധനം എല്ലാവർക്കും ഒരുപോലെ വിതരണം ചെയ്യുകയും വേണം. അതെങ്ങിനെ സാധ്യമാകും. അതിന് തൊഴിലാളിവർഗ സർവാധിപത്യം പുലരണം. അതിനാൽ സർവരാജ്യ തൊഴിലാളികളെ സംഘടിക്കൂ, നഷ്ടപ്പെടുവാനില്ലൊന്നും ഈ കൈവിലങ്ങുകളല്ലാതെ, കിട്ടാനുണ്ടൊരു ലോകം നമ്മെ നമ്മൾ ഭരിക്കും ലോകം. എന്ന പ്രതീക്ഷ സാധാരണക്കാരിലും തൊഴിലാളികളിലും കുത്തിവെച്ചു. ലഭ്യമായ എല്ലാ സൗകര്യങ്ങളും ഇതിനായി പ്രയോജനപ്പെടുത്തി.

എന്നിട്ടും അവയിൽ പലതും വിജയം കണ്ടില്ല. എന്നാൽ, നേർക്ക് നേരെയുള്ള ഇസ്‌ലാമിക പ്രബോധനത്തിന് ഇത്തരം ഒരു പരിണതി ഉണ്ടാവുകയേ ഇല്ല. കാരണം ഭൗതിക ലക്ഷ്യത്തിലധിഷ്ടിതമല്ല ഇസ്‌ലാമിക പ്രബോധനം. വലിയ ഒരാൾക്കൂട്ടത്തെക്കൊണ്ട് പ്രബോധകന് ഒന്നും നേടാനില്ല. വിശ്വാസത്തിലും കർമാനുഷ്ഠാനങ്ങളിലും മുഴുവൻ പരിശുദ്ധിയും നിലനിർത്തിക്കൊണ്ട് സമ്പൂർണമായി സർവശക്തന് വിധേയമായി മനുഷ്യൻ നിർവഹിക്കേണ്ട കർമധർമങ്ങൾ നിർവഹിച്ച് വിശുദ്ധജീവിതം നയിച്ചാൽ മരണാനന്തര കാലഘട്ടം സമാധാനവും രക്ഷയുമുള്ളതാകും എന്നതാണ് പ്രബോധകൻ മുന്നോട്ട് വെക്കുന്ന ആദർശം. ഇവിടെ ഭൗതികമായ വാഗ്ദാനങ്ങളില്ല. ഈ ലോകത്തെക്കുറിച്ചുള്ള പുതിയ കിനാവുകൾക്കോ പ്രതീക്ഷകൾക്കോ വലിയ സ്ഥാനമില്ല. ഇസ്‌ലാമിക ഭരണം വന്നാൽ എല്ലാ മാനുഷിക പ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്ന് പ്രചരിപ്പിക്കുന്നതോ വിശ്വസിക്കുന്നതോ ഒട്ടേറെ അപകടങ്ങൾക്ക് കാരണമാകും. കമ്യൂണിസം പോലെയുള്ള ഭൗതിക പ്രത്യയ ശാസ്ത്രത്തോട് അവസാനം സമൂഹത്തിനുണ്ടായ അതേ മനോഭവം ഇസ്‌ലാമിനെക്കുറിച്ചും ജനിക്കാനിടയായിത്തിരും എന്നതാണ് ഈ പ്രചാരണത്തിന്റെ പരിണതി.

ഒരു ഭരണത്തിന്റെ മേന്മ ഭരിക്കുന്നവന്റെ വിശുദ്ധിയും മഹത്വവും കൊണ്ട് മാത്രം ഉറപ്പ് വരുത്താവുന്നതല്ല. വിശുദ്ധജീവിതം പട്ടിണി മാറ്റാൻ പര്യാപ്തമല്ല. ലഭ്യമാകുന്ന റിസോഴ്സുകളെ ഫലപ്രദമായും നീതിപൂർവകമായും വിനിമയം ചെയ്യാൻ മാത്രമേ ഭരണകർത്താവിന്റെ പരിശുദ്ധിയും നീതിബോധവും സാമൂഹിക പ്രതിബദ്ധതയും കൊണ്ട് സാധ്യമാവുകയുള്ളൂ. ഒരു രാജ്യത്തിന്റെ സമൃദ്ധി എന്നത് പല കാര്യങ്ങളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. കാലാവസ്ഥയിലെ വ്യതിയാനങ്ങൾ പ്രകൃതിക്ഷോഭങ്ങൾ, കാലവിപത്തുകൾ തുടങ്ങിയവ ഭരണകൂടത്തിന്റെ ക്ഷേമസങ്കൽപങ്ങളെ തകിടം മറിക്കുന്നു. മദീന കേന്ദ്രീകരിച്ചു പ്രവാചകൻ ഒരു ഇസ്‌ലാമിക ഭരണവ്യവസ്ഥ തന്നെ പ്രാപിച്ചുവെങ്കിലും അവിടുന്ന് ലോകത്തോട് വിടപറയുമ്പോൾ തന്റെ പടയങ്കി ഒരു യഹൂദിയുടെ കയ്യിൽ പണയത്തിലായിരുന്നു. മാസങ്ങളോളം കാരക്കയും വെള്ളവുമായിരുന്ന പ്രവാചക കുടുംബത്തിന്റെ ഭക്ഷണം. ഈ യാഥാർഥ്യം നമ്മുടെ മുമ്പിലു□ ാകുമ്പോൾ ഇസ്‌ലാമികഭരണം വന്നാൽ നാട്ടിൽ ക്ഷേമൈശ്വര്യങ്ങൾ കളിയാടുമെന്ന് എങ്ങിനെ ഉറപ്പിക്കാനാകും? എങ്ങിനെ അപ്രകാരം വാദിക്കാനാകും?

ഏത് സാഹചര്യത്തിലും പാലിക്കാനും പുലർത്താനും കഴിയുന്ന ജീവിതരീതിയാണ് ഇസ്‌ലാം ആഹ്വാനം ചെയ്യുന്നത്. അതുകൊണ്ട് മുസ്‌ലിം ഭരണാധികാരിയുടെയോ ഭരണകൂടങ്ങളുടെയോ പരാജയമോ തകർച്ചയോ ഇസ്‌ലാമിന്റെ പരാജയമോ വിലയിരുത്തുന്നത് അസംബന്ധമാണ്.

കമ്പനിയുൽപന്നങ്ങൾ മാർക്കറ്റ് ചെയ്യാനും കസ്റ്റമറെ പിടികൂടാനും നിലനിർത്താനുമുള്ള തന്ത്രങ്ങൾ പഠിപ്പിക്കുന്ന ബിസിനസ് മാനേജ്മെന്റിന്റെ പാഠ്യക്രമത്തിൽ നിന്നല്ല, പ്രവാചകൻമാർ പഠിപ്പിച്ച പ്രബോധനത്തിന്റെ രീതിശാസ്ത്രത്തിൽ നിന്നു തന്നെയാണ് ഇസ്‌ലാമിക പ്രബോധനത്തിന്റെ നയങ്ങളും പരിപാടികളും ഉരുത്തിരിയേണ്ടതും പിന്തുടരേണ്ടതും.